(എ) കേരളത്തിലെ ടൂറിസം മേഖലയുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള എന്തെങ്കിലും പദ്ധതിക്ക് കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ;

(ബി) പദ്ധതിക്ക് രൂപം നൽകിയ ഏജൻസിയെ സംബന്ധിച്ചും പദ്ധതിയുടെ കണക്കാക്കപ്പെട്ട ചെലവും വെളിപ്പെടുത്താമോ;

(സി) പദ്ധതിക്ക് രൂപം നൽകാൻ സാധിച്ചിട്ടില്ലായെങ്കിൽ ഇനിയെങ്കിലും അതിന്, സർക്കാർ തയ്യാറാവുമോ;

(ഡി) കേരളത്തിലെ ഏതെല്ലാം ടൂറിസം പദ്ധതികൾക്കാണ് കേന്ദ്രസഹായം പ്രതീക്ഷിക്കുന്നത്?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ, ബി & സി) ഉണ്ട്. സംസ്ഥാനത്തിന് അനുയോജ്യമായ ടൂറിസം പദ്ധതികൾ യോഗ്യരായ ഏജൻസികളെക്കൊണ്ട് ടൂറിസം വകുപ്പ് തയ്യാറാക്കുകയും തുടർന്ന് അവ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയാണ് ചെയ്യുന്നത്. CPWD, KITCO, PWD, എന്നീ ഏജൻസികളും KTDC, BRDC, TRKL എന്നീ സ്ഥാപനങ്ങളും മറ്റ് പ്രധാന ആർക്കിടെക്ടുകളും ഈ സംരംഭത്തിൽ ഉൾപ്പെടുന്നുണ്ട്. പദ്ധതിക്കുവേണ്ടി കണക്കാക്കപ്പെട്ട ചെലവ് 120 കോടി രൂപയാണ്.

(ഡി) കേന്ദ്രസഹായം പ്രതീക്ഷിക്കുന്ന പദ്ധതികളുടെ വിശദവിവര അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ സ്ഥലങ്ങളായി പ്രഖ്യാപിക്കാൻ നടപടി

*16 [304] ശ്രീ. എ. എൻ. രാജൻബാബു:
,, കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകളും മുൻനിർത്തി എന്തൊക്കെ പുതിയ സംരംഭങ്ങളാണ് ടൂറിസം മേഖലയിൽ ആരംഭിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പഞ്ചായത്തിലേയും തീർത്ഥാടന കേന്ദ്രങ്ങളും പ്രധാനപ്പെട്ട ടൂറിസ്റ്റ് സ്പോട്ടുകളും സംയോജിപ്പിച്ച് ടൂറിസം ഡെസ്റ്റിനേഷൻ സ്ഥലങ്ങളായി പ്രഖ്യാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇക്കോടൂറിസം, പിൽഗ്രിം ടൂറിസം മുതലായവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകൾ മുൻനിർത്തി താഴെപ്പറയുന്ന പുതിയ സംരംഭങ്ങളാണ് ടൂറിസം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും നടപ്പിലാക്കി വരുന്നതും:

1. വഴിയോര പദ്ധതി
2. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചീകരണം
3. ഗ്രാമീണ സ്കീമുകളുടെ വികസനം
4. തീർത്ഥാടന കേന്ദ്രങ്ങളുടെ വികസനം
5. എന്റെ ഗ്രാമം-ടൂറിസം സൗഹൃദഗ്രാമം
6. ആലപ്പുഴയുടെ സമഗ്രവികസനം
7. മലബാർ മേഖലയ്ക്കായി പ്രത്യേക കർമ്മപദ്ധതി
8. പൈതൃക സംരക്ഷണവും പരിസ്ഥിതി പരിപാലനവും
9. മൂന്നാറിന്റെ സമഗ്ര വികസനം
10. കോവളത്തിന്റെ സമഗ്ര വികസനം
11. കുമരകത്തിന്റെ വികസനം
12. ട്രാവൽ ഫിലിം ഫെസ്റ്റിവൽ
13. കൊച്ചിയിലും കോഴിക്കോടും വിപുലമായ രീതിയിൽ ഓണം വാരാഘോഷം
14. വ്യോമ മാർഗ്ഗബന്ധം മെച്ചപ്പെടുത്തൽ
15. മലബാർ ട്രാവൽ മാർട്ട്

(ബി) ഓരോ പഞ്ചായത്തിലേയും തീർത്ഥാടന കേന്ദ്രങ്ങളും പ്രധാനപ്പെട്ട സ്പോട്ടുകളും സംയോജിപ്പിച്ച് ടൂറിസം ഡെസ്റ്റിനേഷൻ സ്ഥലങ്ങളായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് "എന്റെ ഗ്രാമം, ടൂറിസം സൗഹൃദ ഗ്രാമം" എന്ന നൂതന സംരംഭത്തിന് രൂപം നൽകിയിട്ടുണ്ട്.

(സി) ഇക്കോ ടൂറിസം, പിൽഗ്രിം ടൂറിസം പദ്ധതികൾക്ക് സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്. സംസ്ഥാനത്തുടനീളം നിരവധി ഇക്കോ ടൂറിസം പദ്ധതികൾ നടത്തി വരുന്നുണ്ട്. പിൽഗ്രിം ടൂറിസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് കേരളത്തിന്റെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിലെല്ലാം സന്ദർശകർക്കായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാനും ഫെസിലിറ്റേഷൻ സെന്ററുകൾ നിർമ്മിക്കാനും ലക്ഷ്യമിടുന്ന ഒരു നൂതന പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ആയുർവ്വേദത്തെ ടൂറിസവുമായി കൂട്ടിയിണക്കാൻ പദ്ധതി

* 17 [305] ശ്രീ. എം. പ്രകാശൻ മാസ്റ്റർ:
,, എ. സി. മൊയ്തീൻ:
,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദത്തെ ടൂറിസവുമായി കൂട്ടിയിണക്കി ഈ രംഗത്തെ ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ആയുർവ്വേദത്തിന്റെ മറവിൽ അനാശാസ്യ പ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly